കോള ഉൽപ്പാദനത്തിന് ആവശ്യമായ ജലം

67 [248] *ശ്രീ. ഇ. എം. അഗസ്തി:*

" *പ്രയാർ ഗോപാലകൃഷ്ണൻ:*

" *ജി. പ്രതാപവർമ്മ തമ്പാൻ:*

" *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോള ഉൽപ്പാദനത്തിന് എവിടെ നിന്നെല്ലാം ഭൂഗർഭജലം എടുക്കുവാൻ അനുമതി നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) പ്രതിദിനം എത്ര വെള്ളം വീതം എടുക്കാനാണ് അനുമതി നൽകിയിട്ടുള്ളത്;

(ഡി) അതിൽ കൂടുതൽ വെള്ളം എടുക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നത് എപ്രകാരമാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കോള ഉൽപ്പാദനത്തിന് ഭൂഗർഭജലം എടുക്കുവാൻ ജല വിഭവവകുപ്പ് അനുമതി നൽകിയിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഭൂഗർഭജല വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ വാട്ടർ മീറ്റർ ഉപയോഗിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

കൊക്കകോള കമ്പനി ഭൂഗർഭജലം ഊറ്റുന്നത് സംബന്ധിച്ച് കോടതി ഉത്തരവ്

68 [249] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*

" *പ്രയാർ ഗോപാലകൃഷ്ണൻ:*

" *ഇ. എം. അഗസ്തി:*

" *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കകോള കമ്പനി ഭൂഗർഭജലം ഊറ്റുന്നതു സംബന്ധിച്ച് പെരുമാട്ടി ഗ്രാമപഞ്ചായത്ത് നൽകിയ കേസിൽ ഗവൺമെന്റ് ഒരു കക്ഷി ആയിരുന്നോ;

(ബി) പ്രസ്തുത കേസിൽ കൊക്കകോള കമ്പനി ഭൂഗർഭജലം ഊറ്റുന്നതിനെതിരായി പെരുമാട്ടി ഗ്രാമപഞ്ചായത്തും ഗവൺമെന്റും ഉന്നയിച്ച വാദഗതികൾ എന്തെല്ലാമായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly